## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3327
## 14/07/2015-ലെ മറുപടിക്ക്

### വിവിധ ഇനങ്ങളിൽ നൽകാൻ ബാക്കിയുള്ള കുടിശ്ശികയുടെ കണക്കുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ. കെ. ടി. ജലീൽ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | 2015 ജൂൺ 30 ന് ട്രഷറിയിലെ വിവിധ നിക്ഷേപങ്ങൾ തിരികെ നൽകേണ്ട വകയിലും, കരാറുകാർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ, മെഡിക്കൽ കോർപ്പറേഷൻ, നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക്, ഭവനരഹിതർക്കായുള്ള ഭവന പദ്ധതികൾ , കർഷക തൊഴിലാളികളുടെ പെൻഷൻ/ ക്ഷേമനിധി ആനുകൂല്യങ്ങൾ, തൊഴിലില്ലായ്മ വേതനം, തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, മറ്റിനങ്ങൾ എന്നീയിനങ്ങളിലായി കുടിശ്ശികയായിട്ടുള്ള തുകയുടെ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ ? | 2015 ജൂൺ 30ന് ട്രഷറിയിലെ തിരികെ നൽകേണ്ട വകയിലുള്ള വിവിധ നിക്ഷേപം മൊത്തം 13047.59 കോടി രൂപയാണ്. കരാറുകാർക്ക് 1795.66 കോടി രൂപയും സിവിൽ സപ്ളൈസ് കോർപ്പറേഷന് 818.27 കോടി രൂപയും, സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ 1.31 കോടി രൂപയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 398.64 കോടി രൂപയും നെല്ല് സംഭരിച്ചയിനത്തിൽ കൃഷിക്കാർക്ക് 188 കോടി രൂപയും ഭവന രഹിതർക്കായുള്ള ഭവനപദ്ധതിയിനത്തിൽ 29.18 കോടി രൂപയും കർഷകതൊഴിലാളികളുടെ പെൻഷൻ/ ക്ഷേമനിധി ആനുകൂല്യങ്ങൾ ഇനത്തിൽ 151.18 കോടി രുപയും, തോഴിലില്ലായ്മാ വേതനം ഇനത്തിൽ 29.75 കോടി രൂപയും, തൊഴിലുറപ്പ് പദ്ധതിയി |

| | | |
|---|---|---|
| | | നത്തിൽ 95.00 കോടി രൂപയും, സാമൂഹ്യക്ഷേമപെൻഷൻ പദ്ധതിയിനത്തിൽ 728.61 കോടി രൂപയും, മറ്റിനങ്ങളിലായി 107.77 കോടി രൂപയും കുടിശ്ശികയായിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഈയിനത്തിൽ കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ.